DCWYD/345/2016- DM2

## **ജില്ലാ കളക്ടറുടെ ചേമ്പറിൽ വച്ച് 26.5.20 ന് രാവിലെ 11:00 മണിക്ക് ചേർന്ന ഡി ഡി എം എ യോഗത്തിന്റെ മിനുട്ട്സ്**

**യോഗത്തിൽ പങ്കെടുത്തവർ**

1. ഡോ. അദീല അബ്ദുള്ള ഐ.എ.എസ്, ജില്ലാ കളക്ടർ വയനാട്.
2. ശ്രീമതി. കെ.ബി നസീമ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, വയനാട്.
3. ഡോ. രേണുക ആർ, ഡി.എം.ഒ (എച്ച്), വയനാട്.

**പ്രത്യേക ക്ഷണിതാക്കൾ**

1. ശ്രീ. അജീഷ് കെ, ഡെപ്യൂട്ടി കളക്ടർ (ഡി.എം), വയനാട്.
2. ശ്രീ. മുഹമ്മദ് യൂസുഫ്, ഡെപ്യൂട്ടി കളക്ടർ (എൽ.ആർ), വയനാട്.
3. ശ്രീ. പി.യു ദാസ്, ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ, വയനാട്.
4. ശ്രീ. ദിലീപ് എം.എസ്സ്, എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്സ്.ജി.ഡി, വയനാട് .
5. ശ്രീമതി. ജിസ്സ ദേവസ്യ, അസിസ്റ്റന്റ് എഞ്ചിനീയർ, കാരാപ്പുഴ ഇറിഗേഷൻ പ്രോജക്ക്.
6. ശ്രീ. സന്ദീപ് പി.വി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കാരാപ്പുഴ ഇറിഗേഷൻ പ്രോജക്ക്.
7. ശ്രീ. വിനീത്കുമാർ ജി.കെ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, PWD ബിൽഡിങ്സ്.
8. ശ്രീ. രാജൻ ഇ.എ, എക്സിക്യൂട്ടീവ് എഞ്ചിനീയർ കാരാപ്പുഴ ഇറിഗേഷൻ പ്രോജക്റ്റ് ഡിവിഷൻ, കൽപ്പറ്റ

**ഡി ഡി എം എ അംഗങ്ങളുടെ പ്രതിനിധികൾ**

1. ശ്രീമതി. രാജി വർഗ്ഗീസ്, അസിസ്റ്റന്റ് പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർ, വയനാട്.
2. ശ്രീ. വി.ഡി വിജയൻ, അഡീഷണൽ സൂപ്രണ്ട് ഓഫ് പോലീസ്, വയനാട്.

യോഗം 11:00 മണിക്ക് ഡി ഡി എം എ ചെയർപേഴ്സന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. യോഗത്തിൽ താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കോണ്ടു.

**യോഗ തീരുമാനങ്ങൾ**

1.കെട്ടിട ഉയരപരിധിയിൽ ഇളവ് നൽകുന്നതിനുള്ള അപേക്ഷകൾ

a. പോയിലൻ പോക്കർ- നിർമ്മാണ പ്രവൃത്തികൾക്ക് തുടർച്ചാനുമതി നൽകിയിരുന്നു. പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ കെട്ടിടം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

b. വികാരി, സെന്റ് മേരീസ് ചർച്ച്, വൈത്തിരി - കെട്ടിടം റെഗുലറൈസ് ചെയ്യുന്നതിനുള്ള അപേക്ഷയിൽ കെട്ടിട സുരക്ഷിതത്വവും അനുമതി നൽകാവുന്നതാണോ എന്നതും പരിശോധിക്കുന്നതിന് ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ , പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരെ ചുമതലപ്പെടുത്തിയിരുന്നു. മണ്ണ് സംരക്ഷണ ഓഫീസർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. പി.ഡബ്ള്യു.ഡി എത്രയും പെട്ടന്ന് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

c. വെള്ളമുണ്ട എ.യു.പി സ്കൂളിന്റെ കെ.ഇ.ആർ പ്രകാരമുള്ള കെട്ടിടത്തിന്റെ ഇളവിനുള്ള അപേക്ഷയിൽ പി.ഡബ്ള്യു, എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

2. <u>ക്വാറികൾ സംബന്ധിച്ച്</u>

a. ശിലാ ക്വാറിക്ക് മാർച്ച് വരെ അനുമതി നൽകിയിരുന്നു. കാലാവധി അവസാനിച്ചതിനാൽ ഇനി പ്രവർത്തിക്കാൻ സാധിക്കുന്നതല്ല.

b.പുൽപ്പള്ളി സ്റ്റോൺ ക്രഷേഴ്സ്, ശശിമല- ജിയോളജിസ്റ്റ് പ്രതിവാര റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ് എന്ന് കഴിഞ്ഞ യോഗത്തിൽ ആവശ്യപ്പെട്ടിരുന്നതാണ്, എന്നാൽ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല .വിശദീകരണം ആവശ്യപ്പെടേണ്ടതാണ്.

3. <u>മൺസൂൺ പ്രിപേർഡ്നെസ്സ്</u>

a. പ്രളയ സാഹചര്യങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ഏകോപനം മെച്ചപ്പെടുത്തുന്നതിന് ബി.ഡി.ഒമാരെ ഡെപ്യൂട്ടി നോഡൽ ഓഫീസർമാർ ആയി ചുമതലപ്പെടുത്തുന്നതാണ്.

b. വരും മാസങ്ങളിൽ കോവിഡ് ഭീഷണി വർദ്ധിക്കാൻ സാധ്യത ഉള്ളതിനാൽ പ്രളയ ദുരിതാശ്വാസ ക്യാമ്പുകൾക്ക് പകരം ബന്ധു വീടുകളിൽ പോകാൻ ആളുകളെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ബന്ധു വീടുകളിൽ പോകാൻ ഉദ്ദേശിക്കുന്നവർ പഞ്ചായത്തിനെ വിവരം അറിയിക്കാൻ മാധ്യമങ്ങൾ വഴി പബ്ളിസിറ്റി നൽകാവുന്നതാണ്. ക്യാമ്പുകളിലെ തിരക്ക് ഒഴിവാക്കാൻ ഇത് സഹായിക്കും.

c. ആദിവാസികൾക്ക് വീട് നിർമ്മിക്കുന്നതിനായി ലഭ്യമാക്കിയ സ്ഥലങ്ങൾ പ്രളയ ഭീഷണി ഇല്ലാത്ത സ്ഥലങ്ങൾ ആയതിനാൽ ഇവർക്കായി ഇവിടെ താൽക്കാലിക ടെന്റുകൾ നിർമ്മിക്കാവുന്നതാണ്. പോർട്ടബിൾ ആയ വീടുകൾ ദുരിതാശ്വാസ ക്യാമ്പുകൾക്ക് പകരം ഉപയോഗിക്കുന്നത് സാധ്യത പരിശോധിക്കും.

d. പ്രളയസാഹചര്യം മുന്നിൽ കണ്ട് സ്കൂളുകളിലും മറ്റും ലഭ്യമായ ഫണ്ടുകൾ ഉപയോഗിച്ച് കൂടുതൽ ടോയ്ലറ്റുകൾ നിർമ്മിക്കുന്നത് ഉചിതമായിരിക്കും. ഇതിനായി CSR ഫണ്ടുകൾ ലഭ്യമാക്കാൻ ശ്രമിക്കുന്നതാണ്.

e. വനത്തിനകത്ത് താമസിക്കുന്ന ആദിവാസി ഊരുകളെ മാപ്പ് ചെയ്ത് പ്രളയ/ മണ്ണിടിച്ചിൽ സാധ്യത പരിശോധിച്ച് മാറ്റി താമസിപ്പിക്കുന്നതിനായി ഒരു ഫോറസ്റ്റ് ഉദ്യോഗസ്ഥൻ, സബ് ഇൻസ്പെക്ടർ റാങ്കിലുള്ള പോലീസ് ഉദ്യോഗസ്ഥൻ, റവന്യൂ ഡിപാർട്ട്മെന്റിൽനിന്ന് ഒരു ജൂനിയർ സൂപ്രണ്ട് എന്നിവരടങ്ങുന്ന ടീം രൂപീകരിക്കേണ്ടതാണ്. മേപ്പാടി ഗ്രാമപഞ്ചായത്തിലെ റാട്ടക്കുണ്ട് ഫോറസ്റ്റ് ഗസ്റ്റ് ഹൌസ് ഇപ്രകാരം ആദിവാസി കുടുംബങ്ങളെ മാറ്റി താമസിപ്പിക്കാൻ ഉപയോഗിക്കേണ്ടതാണ്.

f. ഏറ്റവും കൂടുതൽ ഉരുൾ പൊട്ടൽ സാധ്യതയുള്ള 20 സ്ഥലങ്ങൾ കണ്ടെത്തി, അടിയന്തര സാഹചര്യത്തിൽ സ്വീകരിക്കേണ്ട നടപടികൾ ഉൾപ്പെടുന്ന ഇവാക്വേഷൻ പ്ലാൻ തയ്യാറാക്കേണ്ടതാണ്. ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ദിവസേനയുള്ള മഴയുടെ അളവ് പ്ലോട്ട് ചെയ്ത് ഉരുൾപോട്ടൽ സാധ്യത അനുസരിച്ച് ജനങ്ങളെ മാറ്റി താമസിപ്പിക്കേണ്ടതാണ്. ഇതിനായി ദിവസേനയുള്ള വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്ന ഡാഷ്ബോർഡ് സംവിധാനം ഏർപ്പെടുത്താവുന്നതാണ്.

g. കാലാവസ്ഥാ നിരീക്ഷണത്തിനായി ഓട്ടോമാറ്റിക്ക് കാലാവസ്ഥാ സ്റ്റേഷനുകൾ ജില്ലയിലെ വിവിധയിടങ്ങളിൽ ഇറിഗേഷൻ വകുപ്പിലെ ഹൈഡ്രോളജി വിഭാഗം സ്ഥാപിക്കേണ്ടതാണ്.

h. ബീച്ചനഹള്ളി ഡാം ഷട്ടർ തുറക്കുന്നതും ജലനിരപ്പും സംബന്ധിച്ച വിഷയങ്ങളിൽ കർണ്ണാടക അധികൃതരുമായി ജൂൺ 1 ന് ചർച്ച നടത്തുന്നതാണ്. കാരാപ്പുഴ ഡാം, ബാണാസുര ഡാം , ജലസേചന വകുപ്പ്, മൈനർ ഇറിഗേഷൻ വകുപ്പ് എന്നിവിടങ്ങളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ചർച്ചയിൽ പങ്കെടുക്കേണ്ടതും ഇതിനായി അഭിമുഖീകരിക്കുന്ന പ്രശ്നം, പരിഹാരം എന്നിവ വ്യക്തമായി വിശദീകരിക്കുന്നതും സാങ്കേതിക വിവരങ്ങൾ ഉൾക്കൊള്ളുന്നതുമായ കത്ത് സംയുക്തമായി ഉടൻ തയ്യാറാക്കേണ്ടതുമാണ്.

i. സന്നദ്ധം പോർട്ടലിൽ രെജിസ്റ്റർ ചെയ്ത വോളണ്ടിയർമാരെ പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി നിയോഗിക്കാവുന്നതാണ്.

j. പ്രളയ രക്ഷാ പ്രവർത്തനങ്ങൾക്കായി കാരാപ്പുഴ പ്രൊജക്റ്റിൽ ലഭ്യമായ ബോട്ടുകൾ ഉപയോഗിക്കാവുന്നതാണ്.

4. കോവിഡ് 19 ലോക്ക് ഡൌൺ സാഹചര്യത്തിൽ നിർത്തിവെച്ച റോഡ് നിർമ്മാണ പ്രവൃത്തികൾ ഉൾപ്പെടെയുള്ളവ പുനരാരംഭിക്കാവുന്നതാണ്. കണ്ടെയ്ൻമെന്റ് സോണിൽ റോഡ് നിർമ്മാണ പ്രവൃത്തികൾ നടക്കുമ്പോൾ തൊഴിലാളികളും മറ്റും ഇവിടങ്ങളിലെ വീടുകളിൽ പോകുന്നില്ലെന്ന് ഉറപ്പാക്കേണ്ടതാണ്.

5.a. വില്ലേജ് ഓഫീസുകളിലേക്കും മറ്റുമായുള്ള റെയിൻ കോട്ട്, ടോർച്ച് മുതലായവ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

b. പ്രളയ ദുരിതാശ്വാസത്തിനായി വാങ്ങുന്ന സാധനങ്ങളുടെ സൂക്ഷിപ്പ് ചുമതല താലൂക്കിലെ ഒരു ഡെപ്യൂട്ടി തഹസിൽദാർ നിർവ്വഹിക്കേണ്ടതാണ്. ദുരിതാശ്വാസ പ്രവർത്തനങ്ങൾ കഴിയുമ്പോൾ ഉപകരണങ്ങളും മറ്റും സൂക്ഷിക്കുന്നതിന് താലൂക്കിലേക്ക് തിരിച്ച് നൽകേണ്ടതും ഇവ സ്റ്റോക്ക് രെജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

c. പ്രളയ ദുരിതാശ്വാസം സംബന്ധിച്ച ചിലവുകൾക്കായി വില്ലേജ് ഓഫീസർമാർക്ക് അഡ്വാൻസ് തുക നൽകുന്നതാണ്.

6. റെവന്യൂ ഓഫീസുകൾക്ക് വയർലെസ്സ് സെറ്റ് വാങ്ങുന്നതിനായി *National Cyclone Risk Mitigation Project* (NCRMP) ഫണ്ട് ലഭിക്കുന്ന കാര്യം പരിശോധിക്കേണ്ടതാണ്. വയർലെസ്സ് സെറ്റ് വാങ്ങുന്നത് സംബന്ധിച്ച് പോലീസിൽ നിന്ന് സാങ്കേതിക അഭിപ്രായം തേടുന്നതാണ്. പ്രളയ സാധ്യതയുള്ള വില്ലേജ് ഓഫീസുകളിൽ വയർലെസ്സ് സെറ്റുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

7. കോവിഡ് കണ്ടൈൻമെന്റ് ആയി പ്രഖ്യാപിച്ച വാർഡുകളിൽ വളം വിൽക്കുന്ന കടകൾ തുറന്ന് പ്രവർത്തിക്കാൻ പാടില്ല. എന്നാൽ വളം ഹോം ഡെലിവറി നടത്താവുന്നതാണ്.

8. ജൂൺ 1 മുതൽ മഴക്കാലം തീരുന്നത് വരെ ജെ.സി.ബി, ഹിറ്റാച്ചി തുടങ്ങിയവ ഉപയോഗിച്ച് മണ്ണ് എടുക്കുന്നത് നിരോധിക്കുന്നതാണ്.

9. ഫോറസ്റ്റ് ഡിപാർട്ട്മെന്റ് മഴക്കാലത്തിനു മുൻപായി ആവശ്യമുള്ള ഉപകരണങ്ങളുടെയും മറ്റും ലിസ്റ്റ് നൽകിയിട്ടുണ്ട്, ഇത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

10. ഫയർ & റെസ്ക്യൂ ഡിപാർട്ട്മെന്റിന് മഴക്കാലത്തിനു മുൻപായി ആവശ്യമുള്ള സാമഗ്രികൾ വാങ്ങുന്നതിനാവശ്യമായ തുക ലഭ്യമാക്കുന്നതാണ്. സാമഗ്രികൾ ഫയർ & റെസ്ക്യൂ ഡിപാർട്ട്മെന്റ് തന്നെ വാങ്ങേണ്ടതാണ്.

11. പ്ലാനിങ് ഡിപാർട്ട്മെന്റിൽ നിന്ന് ഒരാളും എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സിലെ ഒരു ഉദ്യോഗസ്ഥനും ദിവസേനയുള്ള മഴയുടെ വിവരങ്ങളും, മറ്റ് വിവരങ്ങളും മാപ്പ് ചെയ്യുന്നതിനും ഡാഷ് ബോർഡ് സംബന്ധിച്ച പ്രവർത്തനങ്ങൾക്കുമായി മഴക്കാലം തീരുന്നത് വരെ ഡി.ഇ.ഒ.സി യിൽ പ്രവർത്തിക്കേണ്ടതാണ്.

12.ഡി.ഇ.ഒ.സി യിലെ ഒരു മൊബൈൽ ഫോണും, 5 ഇന്റർനെറ്റ് ഡോങ്കിളുകളും മഴക്കാലത്തിനു മുൻപായി ഒരു വർഷത്തേക്ക് റീ ചാർജ് ചെയ്യുന്നതാണ്.

13. ഡി.ഇ.ഒ.സി യിൽ മഴക്കാലത്ത് ദിവസേനയുള്ള മഴ മാപ്പിങ്ങ്, വിഷ്വലൈസേഷൻ ചെയ്യുന്നതിനും മണ്ണിടിച്ചിൽ , ഉരുൾപൊട്ടൽ സാധ്യത എന്നിവ വിശകലനം ചെയ്യുന്നതിനും

മറ്റു ജോലികൾക്കുമായി ഒരു ലാപ്‌ടോപ്പ്, കൂടിയ കോൺഫിഗറേഷൻ ഉള്ള രണ്ട് കമ്പ്യൂട്ടറുകൾ എന്നിവ വാങ്ങുന്നതാണ്.

14. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഡിസാസ്റ്റർ പ്ലാൻ അംഗീകാരത്തിനായി അടുത്ത യോഗത്തിലേക്ക് ഉൾപ്പെടുത്തുന്നതാണ്.

അടുത്ത ഡി.ഡി.എം.എ മീറ്റിങ്ങ് ജൂൺ 4 ന് ചേരാൻ തീരുമാനിച്ചു.

യോഗം 12 മണിക്ക് അവസാനിച്ചു.

sd/-

ചെയർപേഴ്സൺ ഡി ഡി എം എ &

ജില്ലാ കളക്ടർ

അംഗീകാരത്തോടെ,

ജൂനിയർ സൂപ്രണ്ട്, ഡി.എം സെക്ഷൻ